# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോടിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.11/1116 /2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 30/07/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.11/1116 /2022 തീയ്യതി: 30/07/2022

## ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-07-2021 മുതൽ 15-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ മാത്യൂ ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 15-07-2022 | 20-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 15-07-2022 | 20-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷേർലി ആന്റണി | പ്രസിഡന്റ് | 01-04-2020 | 29-11-2020 |
| ഭരണ നിർവ്വഹണ കമ്മറ്റി | പ്രസിഡന്റ് | 30-11-2020 | 29-12-2020 |
| ശ്രീ സുരേഷ് ബാബു | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ വി എ അഗസ്റ്റിൻ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ രതീഷ് ഭാസ്കരൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സിമോണി ജോസ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി കെ.റ്റി സിന്ധു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 24-11-2020 |
| ശ്രീമതി മെൽഡ ഡേവിഡ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 25-11-2020 | 31-03-2021 |
| ഡോ വിനീത സാംസൺ | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2020 | 24-01-2021 |
| ഡോ ജെസ്സി തോമസ്സ് | മെഡിക്കൽ ഓഫീസർ , ഹോമിയോ | 25-01-2021 | 31-03-2021 |
| ഡോ ലിലി ജേക്കബ് | മെഡിക്കൽ ഓഫീസർ , ആയുർവേദം | 01-04-2020 | 31-03-2021 |
| ശ്രീമതി പി.എസ് ലസീല | വില്ലേജ് എസ്റ്റൻഷൻ ഓഫീസർ, (കോടിക്കുളം സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീമതി റ്റി.ജി മഞ്ജു | വില്ലേജ് എസ്റ്റൻഷൻ ഓഫീസർ, (ഐരാമ്പിള്ളി സർക്കിൾ) | 01-04-2020 | 31-03-2021 |
| എം.പി സുധീഷ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി റ്റി.ബി മോളി | ഹെഡ് മാസ്റ്റർ, ഗവ യു.പി.സ്കൂൾ | 01-04-2020 | 31-03-2021 |
| ശ്രീ ജെ.ശ്രീകുമാർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ സാം വി ജോൺ | മെഡിക്കൽ ഓഫീസർ (പി. എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ ജസ്റ്റിൻ ജേക്കബ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.K.Abhilash (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: M.K.Abhilash (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-3-1 |
| 5 | പദ്ധതി അവലോകനം<br>Written By: M.U.Sunny (Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.K.Abhilash (Asst. Audit Officer, On 18-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Susaniamma Thomas (Audit Officer, On 15-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-8 |
| 10 | വാർഷിക കണക്കുകളുടെ അപാകത<br>Written By: M.K.Abhilash (Asst. Audit Officer, On 19-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-9-1 |
| 11 | വസ്തുനികുതി-വാർഷിക കണക്ക്, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 19-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-9-2 |
| 12 | സാംഖ്യ-ILGMS പോർട്ടിംഗ്<br>Written By: M.K.Abhilash (Asst. Audit Officer, On 19-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-10 |
| 13 | ILGMS – രസീത് ബുക്ക് സ്റ്റോക്ക് സൂക്ഷിപ്പിലെ അപാകതകൾ<br>Written By: VISHNU.P.K (Senior Grade Auditor, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-11 |
| 14 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന രസീത് ബുക്കുകൾ ILGMS സ്റ്റോക്കിൽ രേഖപ്പെടുത്തുന്നില്ല<br>Written By: VISHNU.P.K (Senior Grade Auditor, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-11-1 |
| 15 | ഔട്ട്ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിലുള്ള തുകകൾ പോസ്റ്റ് ചെയ്യില്ല<br>Written By: VISHNU.P.K (Senior Grade Auditor, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-11-2 |
| 16 | മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ഈടാക്കിയില്ല<br>Written By: VISHNU.P.K (Senior Grade Auditor, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-12 |
| 17 | ലൈസൻസ് ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.<br>Written By: VISHNU.P.K (Senior Grade Auditor, On 20-07-2022) | 1-12-1 |

| | | |
|---|---|---|
| | Last Updated By: Sajitha K. (Computer Assistant, On 30-07-2022) | |
| 18 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: VISHNU.P.K (Senior Grade Auditor, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-13 |
| 19 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: VISHNU.P.K (Senior Grade Auditor, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-13-1 |
| 20 | മൊബൈൽ ടവറുകളുടെ വസ്തു നികുതിയിലെ കുടിശ്ശിക<br>Written By: VISHNU.P.K (Senior Grade Auditor, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-14 |
| 21 | ഇ ടെണ്ടർ ഫാറം വില ഗ്രാമ പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല<br>Written By: M.U.Sunny (Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-15 |
| 22 | കൃഷി-ഫയലുകൾ ഹാജരാക്കിയില്ല- നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് വൻ വീഴ്ച<br>Written By: M.K.Abhilash (Asst. Audit Officer, On 19-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-16 |
| 23 | ഫയലുകൾ ഹാജരാക്കാത്തത്<br>Written By: M.K.Abhilash (Asst. Audit Officer, On 27-07-2022)<br>Last Updated By: Jomon Francis (Senior Grade Auditor, On 30-07-2022) | 1-16-1 |
| 24 | കേരകർഷകർക്ക് കക്ക തുരിശ് വിതരണം അപാകതകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 27-07-2022)<br>Last Updated By: Jomon Francis (Senior Grade Auditor, On 30-07-2022) | 1-16-2 |
| 25 | കൃഷി ഓഫിസ് അറ്റകുറ്റ പണി -വികസന ഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ച് തനതു ഫണ്ടിൽ സൂക്ഷിച്ചു<br>Written By: M.U.Sunny (Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-17 |
| 26 | കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല, ചെലവ് തടസ്സം ₹597558/-<br>Written By: E.V.Gibi (Asst. Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-18 |
| 27 | മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ഹാജരാക്കിയില്ല<br>Written By: Susaniamma Thomas (Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-19 |
| 28 | പൂരക പോഷകാഹാര പരിപാടി- കടത്തുകൂലി അധികം നൽകിയിരിക്കുന്നു. നഷ്ടം ₹6766/-<br>Written By: E.V.Gibi (Asst. Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-20 |
| 29 | അനർഹരായ ഗുണഭോക്താക്കൾക്ക് സാമൂഹ്യപെൻഷൻ ആനുകൂല്യം നൽകി<br>Written By: Susaniamma Thomas (Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-21 |
| 30 | ഒടുക്കിയ വെള്ളക്കരം വാട്ടർഅതോറിറ്റി ഡിമാന്റിൽ കുറവ് ചെയ്യുന്നില്ല<br>Written By: E.V.Gibi (Asst. Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-22 |
| 31 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-23 |
| 32 | എച്ച്.എം.സി. വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നില്ല<br>Written By: Susaniamma Thomas (Audit Officer, On 20-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 1-24 |

ഭാഗം **2**

--- No Records Found ---

ഭാഗം **3**

--- No Records Found ---

| ഭാഗം 4 | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.K.Abhilash (Asst. Audit Officer, On 18-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 18-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.K.Abhilash (Asst. Audit Officer, On 18-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.K.Abhilash (Asst. Audit Officer, On 18-07-2022)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 18-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: M.K.Abhilash (Asst. Audit Officer, On 18-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.K.Abhilash (Asst. Audit Officer, On 18-07-2022)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 18-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.K.Abhilash (Asst. Audit Officer, On 18-07-2022)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 18-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെവിവരം<br>Written By: M.K.Abhilash (Asst. Audit Officer, On 18-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 21-07-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക<br>Written By: M.K.Abhilash (Asst. Audit Officer, On 18-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 18-07-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-07-2022) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 18-07-2022)<br>Last Updated By: M.K.Abhilash (Asst. Audit Officer, On 18-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 ബജറ്റ്

23.03.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹6335409/- മുന്നിരിപ്പും ₹105054000/- വരവും ₹110364753/- ചെലവും ₹1024656/- നീക്കിയിരിപ്പും ഉള്ള കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-21 ലെ ബജറ്റ് 7.03.2020-ലെ 7(1) നം തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു.

### 1-1-2 പുതുക്കിയ ബജറ്റ്

15.02.2021 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച ₹3916372/- മുന്നിരിപ്പും ₹96703733/- വരവും ₹96028133/- ചെലവും ₹4591972/- നീക്കിയിരിപ്പും ഉള്ള പുതുക്കിയ ബജറ്റ് 19.02.2021 ലെ 15(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 5.9.2021 | - | - |

### 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 0 | 8654297 | 8654297 | 7704571 | 949726 |
| | പട്ടിക ജാതി വിഭാഗം | 0 | 1597516 | 1597516 | 1556233 | 41283 |
| | പട്ടിക വർഗ്ഗ വിഭാഗം | 0 | 70657 | 70657 | 60000 | 10657 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഉപാധി | 0 | 3110000 | 3110000 | 379160 | 2730840 |
| | ഉപാധി രഹിതം | 0 | 4962050 | 4962050 | 4436711 | 525339 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 0 | 6022000 | 6022000 | 6022000 | 0 |
| | റോഡിതരം | 0 | 3492000 | 3492000 | 3456681 | 35319 |
| പൊതു ഉദ്ദേശ ഗ്രാന്റ് | | 0 | 6475801 | 6475801 | 6475801 | 0 |
| സാക്ഷരത | | 77344 | 3094 | 80438 | 10 | 80428 |
| ഐ.സി.ഡി.എസ്. | | 135739 | 422463 | 558202 | 493121 | 65081 |
| ശുചിത്വ മിഷൻ | | 1716596 | 1221876 | 2938472 | 819412 | 2119060 |
| മറ്റ് ഗ്രാന്റ് 300199 | | 742662 | 2200333 | 2942995 | 1562323 | 1380672 |
| മറ്റ് ഗ്രാന്റ് 200399 | | 0 | 957315 | 957315 | 957315 | 0 |
| പഞ്ചായത്ത് ദുരിതാശ്വാസ നിധി | | 2746 | 85 | 2831 | 0 | 2831 |
| പകർച്ചവ്യാധി | | 0 | 500000 | 500000 | 0 | 500000 |

### 1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1. സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

വികസന ഫണ്ട് ഇനത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽ ലഭിച്ച ഒരു ഗഡു തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| സർക്കാർ ഉത്തരവ് നം& തീയതി | തുക ₹ |
|---|---|
| സ.ഉ. (സാധാ) 3099/21/ധനം തീ:29.03.2021 | 3157 |

## 2. സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല

**1.** വികസന ഫണ്ട് -പൊതുവിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 43/21/ധനം തീ: 01.01.2021 | 2362000 | ₹175200 (അംഗനവാടി ജീവനക്കാരുടെ വേതനം)<br>₹263294 (ലൈഫ് വായ്പ തിരിച്ചടവ്) | 1923506 |
| 2 | സ.ഉ (സാധാ) 4461/20/ധനം തീ: 03.08.2020 | 831500 | ₹175200 (അംഗനവാടി ജീവനക്കാരുടെ വേതനം)<br>₹263294 (ലൈഫ് വായ്പ തിരിച്ചടവ്) | 393006 |
| 3 | സ.ഉ. (സാധാ) 2657/20/ധനം തീ:01.04.2020 | 2595000 | ₹175200 (അംഗനവാടി ജീവനക്കാരുടെ വേതനം) | 2419800 |

2. വികസന ഫണ്ട് – പട്ടിക ജാതി പൊതുവിഭാഗം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 43/21/ധനം തീ: 01.01.2021 | 471700 | ₹21941 (ലൈഫ് വായ്പ തിരിച്ചടവ്) | 449759 |

| | | | | |
|---|---|---|---|---|
| 2 | സ.ഉ (സാധാ) 4461/20/ധനം<br>തീ: 03.08.2020 | 235850 | ₹21941<br>(ലൈഫ് വായ്പ തിരിച്ചടവ്) | 213809 |

3. സംരക്ഷണ ഫണ്ട് – റോഡിതരം

| ക്രമ നം. | ഉത്തരവ് നം. & തീയതി | അനുവദിച്ച തുക ₹ | കുറവ് വരുത്തിയ തുക ₹ & ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹ |
|---|---|---|---|---|
| 1 | സ.ഉ (സാധാ) 4444/20/ധനം<br>തീ: 03.08.2020 | 1164000 | ₹35319<br>(വോട്ടിംഗ് മെഷ്യൻ വിഹിതം ) | 1128681 |

3. സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ തുകയും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗം മൂന്നാമത്തെ ഗഡു തുകയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്താത്തതിനാൽ ലാപ്സായി പോയ തുകയുടെ വിവരം കൃത്യമായി പ്രതിഫലിക്കുന്നില്ല.

| ഫണ്ടിനം | വരവ് ₹ | | ലാപ്സായി പോയ തുക ₹ | |
|---|---|---|---|---|
| | യഥാർത്ഥം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | യഥാർത്ഥം |
| വികസന ഫണ്ട് പൊതു വിഭാഗം | 8654297 | 7602109 | (-)102462 | 949726 |
| വികസന ഫണ്ട് പട്ടിക ജാതി വിഭാഗം | 1597516 | 1553534 | (-)2699 | 41283 |
| വികസന ഫണ്ട് പട്ടിക വർഗ്ഗ വിഭാഗം | 70657 | 67500 | 0 | 10657 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 3492000 | 3456681 | 0 | 35319 |

4. വരവിൽ ഉൾപ്പെടുത്തിയിട്ടില്ല

തൻ വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച സംസ്ഥാനാവിഷ്കൃത ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-4 പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 172 | 55062140 | 139 | 31354888 | 35 | 8 | 56.94 |

**1.** ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 9121604 | 7704571 | 84.87 |
| | പട്ടികജാതി വിഭാഗം | 1900842 | 1556233 | 81.87 |
| | പട്ടികവർഗ്ഗ വിഭാഗം | 60000 | 60000 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 5747091 | 4815871 | 83.80 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 1796000 | 493121 | 27.46 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 5162277 | 2213272 | 42.87 |
| തനത് ഫണ്ട് | | 632001 | 309500 | 48.97 |
| ബ്ലോക്ക്പഞ്ചായത്ത് ഫണ്ട് | | 8250786 | 2693713 | 32.65 |
| ജില്ലാപഞ്ചായത്ത് ഫണ്ട് | | 2085663 | 747360 | 35.83 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 8574987 | 6022000 | 70.23 |
| | റോഡിതരം | 4334208 | 3456681 | 79.75 |
| മറ്റിനം | | 7396681 | 1282566 | 17.34 |
| ആകെ | | **55062140** | **31354888** | **56.94** |

**2.** വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 2838182 | 8 | 1934263 | 68.15 |
| വെറ്ററിനറി സർജൻ | 3 | 3011244 | 3 | 932844 | 30.98 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 6 | 1218858 | 5 | 883499 | 72.49 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 90000 | 1 | 90000 | 100.00 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 1 | 325000 | 1 | 325000 | 100.00 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1230000 | 0 | 0 | 0.00 |
| വി.ഇ.ഒ. കോടിക്കുളം സർക്കിൾ | 10 | 15320040 | 9 | 5532040 | 36.11 |
| വി.ഇ.ഒ. ഐരാമ്പിള്ളി സർക്കിൾ | 19 | 3026960 | 16 | 1988500 | 65.69 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 2 | 1930000 | 2 | 1700721 | 88.12 |
| ഡയറി എസ്റ്റെൻഷൻ ഓഫീസർ | 2 | 1103400 | 2 | 503400 | 45.62 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 26 | 7126261 | 25 | 5097488 | 71.53 |
| ഹെഡ്മാസ്റ്റർ | 5 | 395000 | 4 | 368525 | 93.30 |
| അസിസ്റ്റന്റ് എൻജിനീയർ | 88 | 17447195 | 62 | 11998608 | 68.77 |
| ആകെ | **172** | **55062140** | **139** | **31354888** | **56.94** |

**3.** വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം .

| ഫണ്ട് | മേഖല | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| പൊതുവിഭാഗം | ഉത്പാദനം | 15 | 8443057 | 3579390 | 42.39 |
| | സേവനം | 72 | 20720512 | 1280933 | 59.27 |
| | പശ്ചാത്തലം | 68 | 17572465 | 12284121 | 69.91 |
| | സേവനം | 14 | 7882783 | 3070444 | 38.95 |
| | പശ്ചാത്തലം | 1 | 233323 | 0 | 0.00 |
| | സേവനം | 2 | 420000 | 140000 | 33.33 |
| | ആകെ | **172** | **55062140** | **31354888** | **56.94** |

4. പ്രത്യേക ഘടക പദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം

| ഘടകം | പ്രോജക്ടിന്റെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വനിതാ ഘടകം | 3 | 3 | 2943000 | 616600 | 20.95 |
| കുട്ടികൾ | 1 | 0 | 25000 | 0 | 0.00 |
| വൃദ്ധർ | 1 | 1 | 130000 | 130000 | 100.00 |
| ഭിന്നശേഷിക്കാർ | 1 | 1 | 730000 | 607600 | 83.23 |
| പാലിയേറ്റീവ് കെയർ | 1 | 1 | 550000 | 418973 | 76.18 |
| ആകെ | **6** | **5** | **4378000** | **1773177** | **40.50** |

1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1931 | 1160372 | 1162303 | 1125358 | 36945 |
| നൂറ് ദിന തൊഴിൽ പ്രോത്സാഹനം | 0 | 97000 | 97000 | 97000 | 0 |
| അവിദഗ്ധ തൊഴിലാളി വേതനം | 0 | 10315015 | 10315015 | 10315015 | 0 |
| വിദഗ്ധ തൊഴിലാളി വേതനം | 0 | 1521240 | 1521240 | 1521240 | 0 |
| മെറ്റീരിയൽ വേല | 0 | 3012105 | 3012105 | 3012105 | 0 |

| വർഷാരംഭത്തിൽ ഉണ്ടായിരുന്ന തൊഴിൽ കാർഡുകൾ- എണ്ണം | ഒഴിവായ കാർഡുകൾ | പുതുതായി നല്കിയ കാർഡുകൾ- എണ്ണം | വർഷാവസാനമുള്ള ആകെ കാർഡുകൾ | തൊഴിൽ ആവശ്യപ്പെട്ടവർ | |
|---|---|---|---|---|---|
| | | | | കുടുംബങ്ങൾ | വ്യക്തികൾ |
| 1732 | 16 | 141 | 1865 | 625 | 681 |

1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ |
|---|---|---|

| | ₹ | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 2783200 | 131 |
| വിധവാപെൻഷൻ | 7586300 | 377 |
| വാർദ്ധക്യകാല പെൻഷൻ | 21511200 | 1126 |
| വികലാംഗ പെൻഷൻ | 2645700 | 130 |
| അവിവാഹിതർക്കുള്ള പെൻഷൻ | 716400 | 36 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹13844/- (പതിമൂവായിരത്തി എണ്ണൂറ്റി നാൽപത്തി നാല്) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ് ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതായി കാണുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷം 1 യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണ സമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി വകയിരുത്തിയ പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുവാനും സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിക്കുന്ന വേളയിൽ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ട്.

1- 8-1) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ രേഖപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല.

1-8-2) മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയ്ക്കായി തുക വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-3 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ വാറണ്ടി സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-8-4 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-5) ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-8-6) ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-9-1 വാർഷിക കണക്കുകളുടെ അപാകത

1. ആസ്തി ഇല്ലാത്ത താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | ഹെഡ് | ഡിപ്രിസിയേഷൻ ₹ |
|---|---|---|
| 1 | 416100100106 Plants & Mechinery | 47406 |
| 2 | 416100104 Waterways | 77130 |

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പുകൾക്ക് എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

4) 320300199 എന്ന ഹെഡിൽ സാംഖ്യ പ്രകാരം മുന്നിരിപ്പ് ഇല്ല എന്നാൽ ബി-4 ഷെഡ്യൂളിൽ ₹742662/- ഉൾപ്പെടെയുള്ള തുകയാണ് കാണിച്ചിരിക്കുന്നത്.

1-9-2 വസ്തുനികുതി-വാർഷിക കണക്ക്, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല

സാംഖ്യ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ചിട്ടുള്ള വസ്തു നികുതിയുടെ ഡിമാന്റ് – കളക്ഷൻ – ബാലൻസ് തുകകൾ സഞ്ചയയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| | സാംഖ്യ | | | സഞ്ചയ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
| മുൻവർഷം | 428677 | 200763 | 205432 | 409631 | 210865 | 198865 |

| | | | | | | |
|---|---|---|---|---|---|---|
| തൻവർഷം | 1973281 | 1516037 | 455851 | 2073393 | 1591902 | 439190 |

ഇത്തരത്തിൽ വ്യതിയാനം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-10 സാംഖ്യ-ILGMS പോർട്ടിംഗ്

ഗ്രാമ പഞ്ചായത്തിൽ ILGMS സോഫ്റ്റ് വെയർ ആരംഭിച്ചത് 22.09.2020 മുതലാണ്. 22.9.2020 വരെ സാംഖ്യയിൽ തയ്യാറാക്കിയ സാമ്പത്തിക ഇടപാടുകളുടെ ആകെ ഡാറ്റാ, PDE (Past Data Entry) -യിലൂടെ ILGMS ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 22.09.2020 ലെ സ്ഥാപനത്തിന്റെ സാംഖ്യ പ്രകാരമുള്ള ബാലൻസ്ഷീറ്റ്, റസിപ്റ്റ് ആന്റ് പെയ്മെന്റ്, ഇൻകംആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് എന്നിവ ILGMS ൽ ഉൾപ്പെടുത്തിയിട്ടുള്ള ബാലൻസ്ഷീറ്റ്, റസിപ്റ്റ് ആന്റ് പെയ്മെന്റ്, ഇൻകംആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയുമായി താരതമ്യപ്പെടുത്തി പരിശോധിച്ചതിൽ കണ്ടെത്തിയ വ്യതിയാനങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് നം | ഷെഡ്യൂൾ | ഇനം | 22.09.2020 ൽ സാംഖ്യ പ്രകാരം തുക ₹ | 22.09.2020 ൽ LGMS പ്രകാരം തുക ₹ |
|---|---|---|---|---|
| 310000000 | B1 | പഞ്ചായത്ത് ജനറൽ ഫണ്ട് | 1891035 | 4139850 |
| 320000000 | B4 | ഗ്രാന്റ്, ഫണ്ട്സ് ആന്റ് കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപസ് | 7281224 | 6788150 |
| 350000000 | B9 | അദർ ലയബിലിറ്റിസ് | 83257 | (-)1723999 |
| 410000000 | B11 | ഫിക്സഡ് അസറ്റ് | 26987236 | 3450573 |
| 460000000 | B18 | ലോൺസ് അഡ്വാൻസ് & ഡെപോസിറ്റ് | 1427287 | 1375772 |
| 450000000 | B-17 | ക്യാഷ് ആന്റ് ബാങ്ക് ബാലൻസ് | 9801805 | 9817055 |
| 350000000 | RP-36 | അദർ ലൈബലിറ്റീസ് | 46427+383 | 0 |
| 210000000 | RP-11 | എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസീവ് | 765769 | 740228 |
| 230000000 | RP-13 | ഒപ്പറേഷൻ ആന്റ് മെയിന്റനൻസ് | 91044 | 1396282 |
| 25000000 | RP-15 | പ്രൊഡക്ടീവ് സെക്ടർ | 463533 | 923887 |
| 25100000 | RP-16 | സർവ്വീസ് സെക്ടർ | 3134110 | 3557459 |
| 25200000 | RP-17 | ഇൻഫ്രാസ്ട്രക്ച്ചർ സെക്ടർ | 1616529 | 2009150 |
| 25300000 | RP-18 | ഡിസെന്ററലൈസ്ഡ് പ്ലാൻ പ്രോഗ്രാം – പ്രോജക്ട് നോട്ട് ഇൻക്ലൂഡഡ് ഇൻ സെക്ടർ ഡിവിഷൻ | 7500 | 0 |
| 25500000 | RP-20 | മെയിന്റനൻസ് പ്രോജക്ട് | 2679822 | 0 |
| 26000000 | RP-22 | ഗ്രാന്റ്, കോൺട്രിബ്യൂഷൻസ് ഫ്രം ഓൺ ഫണ്ട് | 55000 | 153260 |
| 350000000 | RP-36 | അദർ ലൈബലിറ്റീസ് (ഓപ്പറേറ്റീവ്) | 1706822 | 0 |
| 350000000 | RP-36 | അദർ ലൈബലിറ്റീസ് (നോൺ ഓപ്പറേറ്റീവ്) | 657339 | 2389702 |
| 41000000 | RP-36 | ഫിക്സഡ് അസറ്റ്സ് | 253855 | 0 |
| 150000000 | I-5 | സേൽസ് & ഹയർ ചാർജ്ജസ് | 139105 | 154611 |
| 16000000 | I-6 | റവന്യൂ ഗ്രാന്റ്സ്, ഫണ്ട്സ് | 10963969 | 10756670 |
| 210000000 | I-10 | എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസസ് | 3135506 | 1086976 |

| | | | | |
|---|---|---|---|---|
| 220000000 | I-11 | അഡ്മിനിസ്റ്റേറ്റീവ് എക്സ്പെൻസസ് | 303710 | 322283 |
| 230000000 | I-12 | ഒപ്പറേഷൻ ആന്റ് മെയിന്റനൻസ് | 91044 | 1396282 |
| 250000000 | I-14 | പ്രൊഡക്ടീവ് സെക്ടർ | 463533 | 923887 |
| 251000000 | I-14(a) | സർവ്വീസ് സെക്ടർ | 3134110 | 3557459 |
| 252000000 | I-14(b) | ഇൻഫ്രാസ്ട്രക്ച്ചർ സെക്ടർ | 1616529 | 2009150 |
| 253000000 | I-14(c) | ഡിസെന്ററലൈസ്ഡ് പ്ലാൻ പ്രോഗ്രാം – പ്രോജക്ട് നോട്ട് ഇൻക്ലൂഡഡ് ഇൻ സെക്ടർ ഡിവിഷൻ | 7500 | 0 |
| 255000000 | I-14(e) | മെയിന്റനൻസ് പ്രോജക്ട് | 2679822 | 0 |
| 260000000 | I-15 | ഗ്രാന്റ്, കോൺട്രിബ്യൂഷൻസ് ഫ്രം ഓൺ ഫണ്ട് | 55000 | 153260 |

കണക്കുകൾ പൊരുത്തപ്പെടുത്തി അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഇമെയിൽ മുഖേന ലഭ്യമാക്കിയ വാർഷിക കണക്കിലും എയിംസിലൂടെ ഇ-സബ്മിഷൻ നടത്തിയ വാർഷികകണക്കിലും താഴെ സൂചിപ്പിക്കുന്ന രീതിയിൽ വ്യത്യാസം കാണുന്നു.

| ഇ-മെയിൽ മുഖേന ലഭ്യമാക്കിയ വാർഷിക കണക്കിൽ RP 21 ആകെ തുക ₹ | എയിംസിലൂടെ ഇ-സബ്മിഷൻ നടത്തിയ വാർഷികകണക്കിൽ RP 21 ആകെ തുക ₹ |
|---|---|
| 55,000 | 1,53,260 |

1-11 ILGMS – രസീത് ബുക്ക് സ്റ്റോക്ക് സൂക്ഷിപ്പിലെ അപാകതകൾ

പിരിവിനായി വിവിധ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന രസീത് ബുക്കുകൾ ILGMS – ലെ സ്റ്റോക്കിൽ പ്രാരംഭമായി ഉൾപ്പെടുത്തുകയും തുടർന്ന് അവ പിരിവ് വിഭാഗം ജീവനക്കാർക്കും നിർവഹണ ഉദ്യോഗസ്ഥർക്കും ആനുവദിക്കുമ്പോൾ ILGMS ൽ വിതരണവിവരം രേഖപ്പെടുത്തുകയും ചെയ്യുന്നു. ടി രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനത്തിലോ/ രസീത് തീരുന്ന മുറയ്ക്കോ ILGMS-ൽ ക്ലോസ് ചെയ്യേണ്ടതാണ്. എന്നാൽ വിതരണം ചെയ്ത ചുവടെ ചേർക്കുന്ന രസീത് ബുക്കുകൾ ക്ലോസ് ചെയ്തിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം | രസീത് ബുക്ക് നമ്പർ |
|---|---|
| 1 | 23385 |
| 2 | 25392 |
| 3 | 25393 |
| 4 | 25395 |

രസീത് ബുക്കുകളുടെ സ്റ്റോക്ക് ലഭിക്കുമ്പോഴും ക്ലോസ് ചെയ്യുമ്പോഴും ILGMS ലും ആവശ്യമായ മാറ്റങ്ങൾ വരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-11-1 നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന രസീത് ബുക്കുകൾ ILGMS സ്റ്റോക്കിൽ രേഖപ്പെടുത്തുന്നില്ല

കൃഷി ഓഫീസർ, വെറ്ററിനറി സർജൻ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനും ടെൻഡർ ഫീസ് ഈടാക്കുന്നതിനും നൽകുന്ന രസീത് ബുക്കുകൾ നിലവിൽ ILGMS സ്റ്റോക്കിൽ വരവ്/വിതരണം രേഖപ്പെടുത്തുകയോ രസീത് വഴിയുള്ള വരവ് തുക രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള രസീത് ബുക്കുകളുടെ വിതരണം ILGMS-ൽ ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണം IKM മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11-2 ഔട്ട്ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിലുള്ള തുകകൾ പോസ്റ്റ് ചെയ്തില്ല

ഔട്ട്ഡോർ കളക്ഷനായി വരുന്ന തുകകൾ 'Outdoor Collection Control Account' എന്ന ഹെഡിൽ രേഖപ്പെടുത്തുകയും തുടർന്ന് ഓരോ മാന്വൽ രസീതും അതത് വരവിനങ്ങളിലേക്ക് ഡീറ്റയിൽഡ് രസീത് ആയി പോസ്റ്റ് ചെയ്യുകയും ചെയ്യുന്നു. അങ്ങനെ ഔട്ട്ഡോർ കളക്ഷൻ കൺട്രോൾ അക്കൗണ്ടിൽ വരുന്ന തുകകൾ പേയ്മെന്റ് ആകുകയും വരവ്, ചെലവ് എന്നിവ പൊരുത്തപ്പെടുകയും ചെയ്യുന്നു. എന്നാൽ താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ വരവായി എടുത്തിരിക്കുന്ന ഔട്ട്ഡോർ കളക്ഷൻ തുകകൾ ഡീറ്റയിൽഡ് രസീത് ആയി പേയ്മെന്റ് രേഖപ്പെടുത്താതെ നിലവിലുണ്ട്.

| നം | ഔട്ട്ഡോർ കളക്ഷൻ തുക (₹) | തീയതി |
|---|---|---|
| 1 | 1266 | 20.12.2021 |
| 2 | 18659 | 16.02.2022 |
| 3 | 17549 | 21.02.2022 |
| | ആകെ ക്രമീകരിക്കാൻ ശേഷിക്കുന്ന തുക | ₹37474/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/16.07.2022) മേൽ രസീതുകൾ സഞ്ചയയിൽ പോസ്റ്റ് ചെയ്തിട്ടുണ്ട് എന്നും IKM – മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കാം എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. ദിവസേന എൻട്രി നടത്തേണ്ട വിവരങ്ങൾ പിന്നീട് പരിഹരിക്കാം എന്ന മറുപടി ആശാസ്യമല്ല. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ഈടാക്കിയില്ല

2017 ലെ കേരള പഞ്ചായത്ത് രാജ് FACTEOS ലൈസൻസ് ഭേദഗതി ചട്ടങ്ങൾ (GO(P) No.80/2017/LSGD Dtd 31.10.2017 പ്രകാരം പുറപ്പെടുവിച്ചത്) പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്. എന്നാൽ ലൈസൻസ് അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം അപേക്ഷയിൽ നല്കിയിട്ടും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

| നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | മൂലധന നിക്ഷേപം | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | കുറവ് |
|---|---|---|---|---|---|---|
| 1 | കൊച്ചിൻ ഡിലൈറ്റ് കാറ്ററിംഗ് | 9/503 | 1.2ലക്ഷം | 500 | 400 | 100 |
| 2 | ഹോളോ ബ്രിക്സ് നിർമ്മാണം | 3/263,264 | 4.5 ലക്ഷം | 500 | 450 | 50 |
| 3 | സോഡാ നിർമ്മാണം, വില്പന | 6/48 | 4.5 ലക്ഷം | 500 | 350 | 150 |
| 4 | ഇറച്ചിക്കോഴി വില്പന | 5/423 | 3.16 ലക്ഷം | 500 | 400 | 100 |
| 5 | തടിയിൽ തീർത്ത അലങ്കാര വസ്തുക്കൾ | 2/200A | 3 ലക്ഷം | 500 | 150 | 350 |
| 6 | കോഴി ഫാം | 6/393 | 4.5 ലക്ഷം | 500 | 350 | 150 |
| 7 | സിമന്റ് കട്ട നിർമ്മാണം | 2/312 | 7.5 ലക്ഷം | 500 | 400 | 100 |
| 8 | സിമന്റ് സ്റ്റോക്ക് | 12/71A | 4ലക്ഷം | 500 | 350 | 150 |
| 9 | മരപ്പണിശാല | 9/409 | 4ലക്ഷം | 500 | 350 | 150 |

| | | | | | | |
|---|---|---|---|---|---|---|
| 10 | ജെസ്സ് ഡെക്കറേഷൻസ് | 6/517 | 4ലക്ഷം | 500 | 350 | 150 |
| 11 | ദാസ് ക്ലിനിക്കൽ ഫാർമസ്യൂട്ടിക്കൽസ് | 12/27 | 2.5ലക്ഷം | 500 | 350 | 150 |
| | ആകെ | | | | | 1600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/16.07.2022) സമർപ്പിച്ച മറുപടിയിൽ മേൽ വ്യക്തികളിൽ നിന്നും തുക ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് വന്ന 1600 രൂപ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. വരും വർഷങ്ങളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-12-1 ലൈസൻസ് ഫീ കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.

2017 ലെ കേരള പഞ്ചായത്ത് രാജ് FACTEOS ലൈസൻസ് ഭേദഗതി ചട്ടങ്ങൾ (GO(P) No.80/2017/LSGD Dtd 31.10.2017 പ്രകാരം പുറപ്പെടുവിച്ചത്) പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്. ലൈസൻസ് അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളുടെ മൂലധനവിവരങ്ങൾ ലഭ്യമായില്ല. കൂടാതെ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള കുറഞ്ഞ ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല.

| നം | സ്ഥാപനത്തിന്റെ പേര് | ഉപയോഗം | കെട്ടിട നമ്പർ | ഈടാക്കേണ്ട ഏറ്റവും കുറഞ്ഞ ലൈസൻസ് ഫീ | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | കെ.ആർ ഇൻഡസ്ട്രീസ് | കവറിംഗ് ബ്ലോക്ക് നിർമ്മാണം | 1/2 | 500 | 300 |
| 2 | കരിമ്പാനിയിൽ സ്റ്റോഴ്സ് | സിമന്റ് വില്പന | 5/115 116 | 500 | 400 |
| 3 | ഡെയ്ലി ബ്രഡ് | ബേക്കറി ഉല്പന്നം നിർമ്മാണം, ബോർമ്മ | 13/372 | 500 | 350 |
| 4 | മേക്കുന്നേൽ ട്രേഡിംഗ് | റബ്ബർ വ്യാപാരം | 13/328, 330 | 500 | 400 |
| 5 | മേക്കുന്നേൽ ഏജൻസീസ് | വളം, കീടനാശിനി | 13/385 | 500 | 400 |
| 6 | AVG കൺസ്യൂമർ പ്രോഡക്ട് | സോപ്പ് ഉല്പ്പന്ന നിർമ്മാണം | 1/11 | 500 | 300 |
| 7 | ഏഞ്ചൽ നൈറ്റി സെന്റർ | നൈറ്റി ഹോൾസെയിൽ & റീട്ടെയിൽ | 9/40 | 500 | 150 |
| 8 | പൂവത്തുങ്കൽ ചിക്കൻ സെന്റർ | ചിക്കൻ സെന്റർ | 8/337 | 500 | 200 |
| 9 | പുഴക്കര ടൈൽസ് & ഗ്രാനൈറ്റ്സ് | ഗ്രാനൈറ്റ് വില്പന | 1/28A | 500 | 400 |
| 9 | സെന്റ് അൽഫോൺസ ട്രേഡേഴ്സ് | റബ്ബർ വ്യാപാരം | 6/324 | 500 | 200 |
| 10 | പി വി ഹാർഡ്വെയർ | സിമന്റ് കമ്പി, ഹാർഡ്വെയർ വില്പന | 13/426 | 500 | 350 |
| 11 | മെഡിട്രസ്റ്റ് | മെഡിക്കൽ ലബോറട്ടറി | 5/390 | 500 | 350 |

| | ഡയഗ്ണോസ്റ്റിക്സ് | | | | |
|---|---|---|---|---|---|

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/16.07.2021) സമർപ്പിച്ച മറുപടിയിൽ കുറവ് വന്ന തുക മേൽ വ്യക്തികളിൽ നിന്നും ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം സ്ഥാപനത്തിന്റെ വിറ്റുവരവ്, മൂലധന നിക്ഷേപം എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ ലൈസൻസിനുള്ള അപേക്ഷകളിൽ മേൽ ഉത്തരവ് പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ /ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

| നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഗ്ലോബൽ ഇന്ത്യൻ പബ്ലിക് സ്കൂൾ |
| 2 | ഗൾഫ് ഐഡിയൽ ഇന്റർനാഷണൽ സ്കൂൾ |
| 3 | APCOS പടിഞ്ഞാറേ കോടിക്കുളം |
| 4 | സബ് പോസ്റ്റ് ഓഫീസ്, കൊട്ടവേലി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/18.7.2022) സമർപ്പിച്ച മറുപടിയിൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-13-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ /ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 വർഷത്തെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല എന്ന് കാണുന്നു.

| നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഗ്ലോബൽ ഇന്ത്യൻ പബ്ലിക് സ്കൂൾ |
| 2 | ഗൾഫ് ഐഡിയൽ ഇന്റർ നാഷണൽ സ്കൂൾ |
| 4 | APCOS പടിഞ്ഞാറെ കോടിക്കുളം |
| 4 | സപ്ലൈക്കോ മാവേലി സ്റ്റോർ, കോടിക്കുളം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/18.7.2022) സമർപ്പിച്ച മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതിയിലെ കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില മൊബൈൽ ടവറുകളുടെ വസ്തു നികുതിയിൽ കുടിശികയുള്ളതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| നം | മൊബൈൽ ടവറിന്റെ പേര് | കെട്ടിട നമ്പർ | വാർഷിക വസ്തു നികുതി (PT+LC) | 2020-21 വരെയുള്ള ആകെ കുടിശ്ശിക |
|---|---|---|---|---|
| 1 | മാനേജർ, റിലയൻസ് മൊബൈൽ | 4/128 | 5040 (4800+240) | 10080 (5040*2) (2019-20, 2020-21) |
| 2 | ഇന്ത്യൻ ടെലകോം (ഇൻഫ്രാ ലിമിറ്റഡ്) | 4/131 | 8400 (8000+400) | 8400 (2020-21) |
| 3 | മാനേജർ, ബി.എസ്.എൻ.എൽ മൊബൈൽ ടവർ | 9/28 | (5040) 4800+240 | 40320 (2013-14 മുതൽ 2020-21 വരെ) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/18.07.2022) സമർപ്പിച്ച മറുപടിയിൽ ക്രമ നമ്പർ 1,2 എന്നിവയ്ക്കെതിരെ റവന്യൂ റിക്കവറി സ്വീകരിച്ച വരുന്നതായും BSNL ടവറിന്റെ കുടിശ്ശികയ്ക്കായി ഓൺലൈൻ റവന്യൂ റിക്കവറി സ്വീകരിച്ചിട്ടുണ്ട് (2022/5072/06 Dtd 13.07.2022) എന്നുമുള്ള മറുപടി ലഭ്യമാക്കി. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ഇ ടെണ്ടർ ഫാറ വില ഗ്രാമ പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ പ്രകാരം സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ 78 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. 2016-17 മുതൽ 2020-21 വരെ ഈയിനത്തിൽ ₹153247/-ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുണ്ട്. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തികവർഷം | പ്രവൃത്തികളുടെ എണ്ണം | ഫോം വില ₹ |
|---|---|---|
| 2016-17 | 2 | 5000 |
| 2017-18 | 33 | 28136 |
| 2019-20 | 36 | 27764 |
| 2020-21 | 78 | 92347 |
| ആകെ | | 153247 |

ഗ്രാമ പഞ്ചായത്തിന് അർഹതപ്പെട്ട ഇ-ടെണ്ടർ ഫാറ വില അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 കൃഷി-ഫയലുകൾ ഹാജരാക്കിയില്ല- നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്ത് വൻ വീഴ്ച

തൻവർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ബിൽബുക്കും ട്രഷറിബിൽ പകർപ്പുകളും മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. പദ്ധതികളുടെ വിശദാംശം താഴെ പരാമർശിക്കുന്നു.

| ക്രമ നം | പദ്ധതി നമ്പർ & പദ്ധതി | ചെലവ് ₹ | ബിൽ നമ്പർ & തീയതി |
|---|---|---|---|
| 1 | 127/21 കിണർ റീ ചാർജ്ജിംഗ് | 52500 | 20100552008200019847 തീ: 11.04.2020 |
| 2 | 126/21 ഹരിതഭവനം പദ്ധതി | 120000 | 20100552008200015746 തീ: 11.04.2020 |
| 3 | 55/21 പച്ചക്കറി വികസനം ഗ്രോ ബാഗ് | 100000 | 20100552008201432976 തീ: 29.03.2021 |
| 4 | 164/21 നെൽ കർഷകർക്ക് നെൽ വിത്ത് വിതരണം | 105200 | 20100552008200026942 തീ: 15.10.2020 |
| 5 | 116/21 കേര കർഷകർക്ക് കക്ക, തുരിശ് വിതരണം | 82150 | 20100552008200015745 തീ: 11.04.2020 |

| | | | |
|---|---|---|---|
| | | 412643 | 20100552008201433325 29.03.2021(PF) |
| 6 | 10/21 സമഗ്ര നെൽകൃഷി വികസന പദ്ധതി | 358040 | ജില്ലാ പഞ്ചായത്ത് വിഹിതം തീ: 26.03.2021 |
| | | 141960 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം തീ: 26.03.2021 |
| | | 358040 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം തീ: 26.03.2021 |
| 7 | 169/21 സമഗ്ര നെൽകൃഷി വികസന പദ്ധതി | 80920 | ജില്ലാ പഞ്ചായത്ത് വിഹിതം തീ: 30.10.2020 |
| 8 | 163/21 തരിശു നില നെൽകൃഷി വികസനം | 61450 | 20100552008200792485തീ: 01.12.2020 |
| | | 61450 | 20100552008200820171813 തീ: 01.12.2020 |
| | ആകെ | 1934353 | |

ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിന് ഓഡിറ്റ് റിക്വിസിഷൻ നൽകിയെങ്കിലും ഓഡിറ്റ് വേളയിൽ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിൽ വീഴ്ച വരുത്തി. 27.07.2022-ൽ ഫയലുകൾ ഓഡിറ്റ് കാര്യാലയത്തിൽ ഹാജരാക്കുകയും പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ താഴെ പരാമർശങ്ങൾ രേഖപ്പെടുത്തുന്നു.

1-16-1 ഫയലുകൾ ഹാജരാക്കാത്തത്

ഓഡിറ്റ് റിക്വിസിഷൻ അവഗണിച്ച് താഴെ പരാമർശിക്കുന്ന പദ്ധതികളുടെ ഫയലുകൾ ഓഡിറ്റ് കാര്യാലയത്തിലും ഹാജരാക്കിയില്ല. ഇത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുണ്ടായ വൻ അലംഭാവം ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ബിൽബുക്കും ട്രഷറിബിൽ പകർപ്പുകളും മാത്രമാണ് വീണ്ടും പരിശോധനയ്ക്ക് ഹാജരാക്കിയത്. പദ്ധതികളുടെ വിശദാംശം താഴെ പരാമർശിക്കുന്നു.

| ക്രമ നം | പദ്ധതി നമ്പർ & പദ്ധതി | ചെലവ് ₹ | ബിൽ നമ്പർ & തീയതി |
|---|---|---|---|
| 1 | 126/21 ഹരിതഭവനം പദ്ധതി | 120000 | 20100552008200015746 തീ: 11.04.2020 |
| 2 | 55/21 പച്ചക്കറി വികസനം ഗ്രോ ബാഗ് | 100000 | 20100552008201432976 തീ: 29.03.2021 |
| 3 | 10/21 സമഗ്ര നെൽകൃഷി വികസന പദ്ധതി | 412643 | 20100552008201433325 29.03.2021(PF) |
| | | 358040 | ജില്ലാ പഞ്ചായത്ത് വിഹിതം തീ: 26.03.2021 |
| | | 141960 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം തീ: 26.03.2021 |
| | | 358040 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം തീ: 26.03.2021 |
| 4 | 169/21 സമഗ്ര നെൽകൃഷി വികസന പദ്ധതി | 80920 | ജില്ലാ പഞ്ചായത്ത് വിഹിതം തീ: 30.10.2020 |
| 5 | 163/21 തരിശു നില നെൽകൃഷി വികസനം | 61405 | 20100552008200792485തീ: 01.12.2020 |
| | | 61405 | 20100552008200820171813 തീ: 01.12.2020 |
| | ആകെ | 1694413 | |

ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ₹ 1694413/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16-2 കേരകർഷകർക്ക് കക്ക ഇരിശ് വിതരണം അപാകതകൾ

| | |
|---|---|
| പദ്ധതി | 116/21 കേരകർഷകർക്ക് കക്ക ഇരിശ് വിതരണം (പൊതുവിഭാഗം) |
| അടങ്കൽ | ₹ 116550/- |
| ബിൽ നം. | 20100552008200015745 തീയതി. 11.04.2020 |
| തുക | ₹ 82150/- |

ഗ്രാമപഞ്ചായത്തിലെ കേരകർഷകർക്ക് കക്കയും ഇരിശും വാങ്ങുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്. 140 കർഷകർ നെടുമറ്റം സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും ഇരിശും കക്കയും വാങ്ങിയതിന് ധനസഹായം നൽകിയതായി കാണുന്നു. താഴെ പരാമർശിക്കും പ്രകാരം കക്കയുടെയും ഇരിശിന്റെയും ആകെ ബില്ലുകൾ, ബാങ്ക് നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം. /തീയതി | ഇനം | തുക ₹ |
|---|---|---|---|
| 1 | 247/30.03.2020 | കക്ക (7000 കി.ഗ്രാം @ ₹ 11.88) | 83160 |
| 2 | 248/30.03.2020 | ഇരിശ് (140 കി.ഗ്രാം @ ₹127.50) | 17850 |
| | | ആകെ | 101010 |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ.(കൈ) 22/2018 ഉത്തരവിലെ ഖണ്ഡിക 1(1), 1(3) പ്രകാരം കുമ്മായം ജൈവകീടനാശിനി എന്നിവയ്ക്ക് 75 ശതമാനമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ആകെ ചെലവായ ₹101010/- ന്റെ 75 ശതമാനമായ ₹75757/- മാത്രം പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചാൽ മതിയാകും. എന്നാൽ മേൽ പരാമർശിത ബിൽ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ ₹ 82150/- നൽകിയതിനാൽ ₹6393/- ന്റെ നഷ്ടം ഉണ്ടായതായി കാണുന്നു. ഫയലിൽ ഹാജരാക്കിയ സ്ഥാപന ബില്ലിൽ ₹720/- വീതം ADO Advance കാണിച്ചിരിക്കുന്നത് വ്യക്തമല്ല. കാർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കർഷകർ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവ നേരിട്ട് ഉൽപാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടുകൂടി കർഷകർക്ക് ജൈവവളവും കീടനാശിനികളും നേരിട്ട് വാങ്ങി ഉപയോഗിക്കുന്നതിന് മേൽ ഉത്തരവു പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. അല്ലാത്ത സാഹചര്യത്തിൽ ടെണ്ടർ നടപടികളിലൂടെ ജൈവവളവും കീടനാശിനകളും വാങ്ങാവുന്നതാണ്. എന്നാൽ നെടുമറ്റം സർവ്വീസ് സഹകരണ ബാങ്ക് ജൈവവളങ്ങളും കീടനാശിനികളും ഉൽപ്പാദിപ്പിക്കുന്ന സ്ഥാപനം അല്ലാതിരിക്കെ ടെണ്ടർ നടപടികൾ കൂടാതെ ജൈവവളവും കീടനാശിനിയും വാങ്ങിയത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ആയതിനാൽ അധികം നൽകിയ തുകയ്ക്കും (₹6393/-) ടെണ്ടർ നടപടികൾ കൂടാതെ ജൈവവളവും കീടനാശിനിയും വാങ്ങിയതിനും വിശദീകരണം നൽകേണ്ടതാണ്. ആയതിനാൽ ₹82150/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വ്യക്തമായ വിശദീകരണം ഹാജരാക്കാത്ത പക്ഷം അധികം നൽകിയ തുക ₹6393/- നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി കണക്കാക്കി തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## 1-17 കൃഷി ഓഫിസ് അറ്റകുറ്റ പണി -വികസന ഫണ്ടിൽ നിന്നും അധികം തുക പിൻവലിച്ച് തനതു ഫണ്ടിൽ സൂക്ഷിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| പ്രോജക്റ്റ് നം | 138/21 |
| കരാറുകാരൻ | എം.എം സുലൈമാൻ |
| അളവു ബുക്ക് | 27/17-18 |
| ബിൽ നം/തീയതി&തുക | 18100552015500114669/16.5.18;₹212700/-<br>20100552015500056644/11.4.20;₹64415/- |

സ്റ്റോറേജ് ഷെഡ് നിർമ്മാണം, പെയിന്റിംഗ്, ടൈൽ വിരിക്കൽ എന്നിവ ഉൾപ്പെട്ട പദ്ധതിയിൽ അളവു ബുക്ക് പ്രകാരമുള്ള ആകെ പ്രവൃത്തി മൂല്യം ₹2,55,845/-യാണ്. ഒന്നാം പാർട്ട് ബിൽ തുകയായ ₹2,12,700/-യിൽ നിന്നും 10% റീട്ടെൻഷൻ തുക ആയി ₹21,270/- കുറവു ചെയ്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള

799013000000646 നമ്പർ അക്കൗണ്ടിൽ സൂക്ഷിച്ചിരുന്നു. അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ പ്രസ്തുത റീട്ടെൻഷൻ തുക ഉൾപ്പെടെ ₹64,415/-വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ₹2,55,845/- പിൻവലിക്കുന്നതിനു പകരം ₹2,77,115/-യാണ് വികസന ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. അധികം പിൻവലിച്ചിട്ടുള്ളതും തനതു ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളതുമായ ₹21,270/- സർക്കാരിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

1-18 കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല, ചെലവ് തടസ്സം ₹597558/-

2020-21 വർഷം താഴെ പറയുന്ന വിവിധ കുടിവെള്ള പദ്ധതികൾക്കായി വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കുവരുത്തിയെങ്കിലും നാളിതുവരെ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് (₹) | ബിൽ നം. /തീയതി |
|---|---|---|---|---|
| 1 | 137/21, ഐരാംപിള്ളി കോളനി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 74645 | 73600 | 20100552017700138257/ 07.05.2020 |
| 2 | 180/21, വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടലും പുനരുദ്ധാരണവും കുടിവെള്ള കണക്ഷൻ നൽകലും (ജലജീവൻ മിഷൻ പദ്ധതി) | 847598 | 508958 | 20100552017700139635 1/ 27.03.2021 |
| 3 | 194/21, മൃഗാശുപത്രിക്ക് വാട്ടർ കണക്ഷൻ എടുക്കൽ | 15000 | 15000 | 20100552017700130957 1/ 20.03.2021 |
| | ആകെ | | 597558 | |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 18.07.2022 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12) ന് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലയെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ചെലവ് തുക ₹597558/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-19 മഴക്കാല പൂർവ്വ ശുചീകരണം - രേഖകൾ ഹാജരാക്കിയില്ല

| വൗച്ചർ നമ്പർ/തീയതി | തുക ₹ |
|---|---|
| 22000020/07.04.2020 | 130000 |

13 വാർഡുകളിലേയും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ശുചിത്വ മിഷൻ ഫണ്ടിനത്തിലുള്ള ₹1,30,000/- മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) മേൽ സൂചിത വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്. പ്രസ്തുത വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ ₹1,30,000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 പൂരക പോഷകാഹാര പരിപാടി- കടത്തുകൂലി അധികം നൽകിയിരിക്കുന്നു. നഷ്ടം ₹6766/-

| | |
|---|---|
| പ്രോജക്ട് | 88/21, പൂരക പോഷകാഹാര പരിപാടി |
| അടങ്കൽ | ₹600000/- (വികസന ഫണ്ട്)<br>₹600000/- (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>₹1200000/- |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |
| ചെലവ് | ₹1093121/- |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ അംഗൻവാടി പോഷകാഹാര പരിപാടിക്കുള്ള ഭക്ഷണ സാധനങ്ങൾ അംഗൻവാടികളിൽ എത്തിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ താഴെ പറയുന്ന പ്രകാരം

നിരക്ക് രേഖപ്പെടുത്തിയ 5 ക്വട്ടേഷനുകൾ ലഭിച്ചിരുന്നു. അതിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ രണ്ട് ക്വട്ടേഷനുകൾ നിരസിച്ചതിന് ശേഷം ₹2.18 നിരക്ക് അംഗീകരിച്ചു

| ക്രമ നം. | പേരും മേൽവിലാസവും | തുക |
|---|---|---|
| 1 | പി.കെ.സലിം, പുളിക്കാലിൽ , വെങ്ങല്ലൂർ പി.ഒ. | 2.18 |
| 2 | പി.കെ.ജബ്ബാർ, പുളിക്കാലിൽ , വെങ്ങല്ലൂർ പി.ഒ. | 2.21 |
| 3 | അബ്ദുൽമജീദ് കെ.എം., കളപ്പുരയ്ക്കൽ, തൊടുപുഴ | 1.92 |
| 4 | പി.ഇ.ഇർഷാദ്, പുത്തൻവീട്ടിൽ, തൊടുപുഴ | 1.73 |
| 5 | ഹരിതകർമ്മസേന, ആലക്കോട് | 2.36 |

17.08.2020 ൽ ക്ഷണിച്ച ക്വട്ടേഷൻ നോട്ടീസിൽ കോടിക്കുളം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള അംഗൻവാടികളിൽ വിവിധ ഏജൻസി/സ്റ്റോറിൽ നിന്നും ഭക്ഷണ സാധനങ്ങൾ എടുത്ത് വിതരണം നടത്തുന്നതിന് വ്യക്തികൾ/ വാഹന ഉടമകളിൽ നിന്ന് മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു എന്നാണ് രേഖപ്പെടുത്തിയിരുന്നത്. അതായത് വ്യക്തികളിൽ നിന്നോ വാഹന ഉടമയിൽ നിന്നോ ആണ് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത്. ക്വട്ടേഷൻ സമർപ്പിക്കുന്നവർക്ക് സ്വന്തമായി വാഹനം ഉണ്ടായിരിക്കണം എന്ന നിബന്ധന ക്വട്ടേഷൻ നോട്ടീസിൽ ഉൾപ്പെടുത്തിയിട്ടില്ല. 08.09.2020-ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ സെക്രട്ടറിക്ക് നൽകിയ കത്തിൽ, ലഭിച്ച 5 ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ അബ്ദുൾ മജീദ്, പി.ഇ. ഇർഷാദ് എന്നിവർക്ക് വാഹനം നിലവിൽ ഇല്ലയെന്നും തുടർന്ന് കുറവ് തുക രേഖപ്പെടുത്തിയ പി.കെ.സലിം, പുളിക്കാലിൽ എന്നയാളുടെ ക്വട്ടേഷൻ അംഗീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ 18.09.2020 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 11 (1) നമ്പർ തീരുമാനപ്രകാരം ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നു. കുറഞ്ഞ നിരക്കായ കിലോഗ്രാമിന് ₹ 1.73/- എന്നതിന് പകരം ₹ 2.18/- നിരക്ക് അംഗീകരിച്ചതിനാൽ കിലോഗ്രാമിന് ₹0.45/- അധികമായി നൽകി.

| ആകെ വിതരണം ചെയ്ത ഭക്ഷ്യ സാധനങ്ങളുടെ അളവ് (കി.ഗ്രാം) | അനുവദനീയമായ നിരക്ക് (₹) | അനുവദിച്ച നിരക്ക് (₹) | അധികരിച്ച നിരക്ക് (₹) | അധികം നൽകിയ തുക (₹) | വൌച്ചർ നം./തീയതി/തുക |
|---|---|---|---|---|---|
| 15036 | 1.73 | 2.18 | 0.45 | 6766 | 22000403/ 26.03.21/ ₹32778/- |

മേൽ വിഷയം സംബന്ധിച്ച് 19.07.2022 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 15) ന് ലഭ്യമാക്കിയ മറുപടിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയവർ ക്വട്ടേഷനിൽ നിന്നും പിൻമാറുകയാണെന്ന് ഫോൺ മുഖേന അറിയിച്ചിരുന്നു എന്നും ക്വട്ടേഷൻ അംഗീകരിച്ച് നൽകിയ വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയവരുമായി യാതൊരു കത്തിടപാടുകളും നടത്തിയതായി രേഖയില്ലാത്തതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ കരാർ വെച്ചിട്ടുണ്ട് എന്ന് അറിയിച്ചിരുന്നെങ്കിലും ആയത് പരിശോധനയ്ക്ക് ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 2020 ആഗസ്റ്റ് മാസം മുതൽ 2021 മാർച്ച് മാസം വരെയുള്ള കാലയളവിലെ ഭക്ഷണസാധനങ്ങളുടെ വിതരണത്തിനാണ് അധിക നിരക്ക് അനുവദിച്ചിട്ടുള്ളത് അംഗീകരിക്കാവുന്നതല്ല. തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാത്ത പക്ഷം അധികമായി നൽകിയ ₹6766/- തുക അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കേണ്ടതാണ്.

## 1-21 അനർഹരായ ഗുണഭോക്താക്കൾക്ക് സാമൂഹ്യപെൻഷൻ ആനുകൂല്യം നൽകി

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ പെൻഷണർ മരണപ്പെട്ട ശേഷവും പെൻഷൻ തുകകൾ അനുവദിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പേര് | മരണപ്പെട്ട | അനർഹമായി | സ്റ്റാറ്റസ് | പെൻഷൻ നൽകിയ | അധികം |
|---|---|---|---|---|---|---|

| നമ്പർ | | തിയതി/മരണം രജിസ്റ്റർ ചെയ്ത തിയതി | തുക നൽകിയ മാസം | | സ്ഥാപനം | നൽകിയ തുക |
|---|---|---|---|---|---|---|
| 1 | ജോസഫ് ആന്റണി | 18.04.2020 16.05.2020 | 4/20,4/20 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 5600 |
| 2 | പാപ്പൂട്ടി അയ്യപ്പൻ | 20.05.20/17.06.20 | 5/20,6/20 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ | 2600 |
| 3 | മാണി ദേവസ്യ | 08.06.20/22.06.20 | 6/20-6/22 | ആക്ടീവ് | ക്ഷേമനിധി ബോർഡ് | 38000 |
| 4 | അന്നക്കുട്ടി | 05,06.20/22.06.20 | 6/20 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1300 |
| 5 | ജോസഫ് മത്തായി | 25.06.20/02.07.20 | 6/20-6/22 | ആക്ടീവ് | കർഷകതൊഴിലാളി പെൻഷൻ | 38000 |
| 6 | കൊച്ച് മുഹമ്മദ് | 18.07.20/11.08.20 | 7/20-11/20 | സസ്പെൻഡ് | കർഷക തൊഴിലാളി പെൻഷൻ | 6800 |
| 7 | ഭവാനി ജോൺ | 01.09.20/18.09.20 | 9/20-11.20 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 4200 |
| 8 | സിസിലി ഉലഹന്നാൻ | 27.09.20/28.10.20 | 9/20 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1400 |
| 9 | പി.എസ്. കുഞ്ഞുമോൻ | 07.11.20/14.12.20 | 11/20 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1400 |
| 10 | ചന്ദ്രൻ റ്റി.കെ | 20.11.20/14.12.20 | 11/20-1/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 4300 |
| 11 | ഏലിക്കുട്ടി | 09.01.21/29.01.21 | 1/21-2/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 3000 |
| 12 | എബ്രഹാം വർക്കി | 18.01.21/08.2.21 | 1/21-2/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 3000 |
| 13 | ഭവാനിശങ്കരൻ | 18.01.21/8.02.21 | 1/21-2/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 3000 |
| 14 | ചന്ദ്രശേഖരൻ നായർ | 01..2.21/24.2.21 | 2/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1500 |
| 15 | അരവിന്ദാക്ഷൻ പി.കെ | 08.2.21/03.3.21 | 2/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1500 |
| 16 | ശാന്ത ബാലകൃഷ്ണൻ | 19.01.21/17.03.21 | 1/21-2/21 | സസ്പെൻഡ് | കർഷകതൊഴിലാളി പെൻഷൻ | 3000 |
| 17 | അബ്ദുൾ കരിം | 28.02.21/19.03.21 | 2/21 | സസ്പെൻഡ് | കർഷകതൊഴിലാളി പെൻഷൻ | 1500 |
| 18 | എം.യു.തോമസ് | 25.03.21/15.4.21 | 3/21 | സസ്പെൻഡ് | വാർദ്ധക്യകാല പെൻഷൻ | 1600 |
| 19 | സുമതികുട്ടിയമ്മ | 21.03.21/19.04.21 | 3/21 | സസ്പെൻഡ് | വിധവപെൻഷൻ | 1600 |
| 20 | മറിയാമ്മവർഗ്ഗീസ് | 30.11.20.22.4.21 | 11/20-6/21 | സസ്പെൻഡ് | കർഷകതൊഴിലാളി പെൻഷൻ | 12100 |
| | | | | | | 135,400 |

പല ഗുണഭോക്താക്കളുടെയും മരണം രജിസ്റ്റർ ചെയ്ത് കഴിഞ്ഞതിനുശേഷവും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് മാസങ്ങൾക്ക് ശേഷമാണ്. 2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിൽ പങ്കെടുക്കുകയും പിന്നീട് മരണപ്പെട്ടതുമായ ഗുണഭോക്താക്കൾക്ക് നിലവിൽ അവസാനം അനുവദിച്ച ജൂൺ 2022 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പെൻഷൻ നേരിട്ട് നൽകുന്നതിന് സഹകരണ ബാങ്കുകളെ ഏൽപ്പിച്ചെങ്കിലും തുക കൈമാറുവാൻ സാധിക്കാത്തവ തിരികെ സർക്കാരിലേയ്ക്ക് ഒടുക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമല്ല. അനർഹരായവരുടെ വിശദാംശങ്ങൾ സമയബന്ധിതമായി അറിയിക്കാത്തതിനാൽ മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ/ക്ഷേമനിധി ബോർഡുകൾ എന്നിവ മുഖേന പെൻഷൻ തുടർന്നും അനുവദിക്കുന്നുണ്ട്. മുകളിൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ മുട്ടം ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്.

23.09.2020-ലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥയുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം അപ്രകാരം കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ക്ഷേമപെൻഷനുകൾ അനർഹർക്ക് നൽകുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/19.07.2022) നൽകിയ മറുപടിയിൽ അനർഹമായി പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ തന്നെ ക്ഷേമനിധി ബോർഡുകളെ വിവരം അറിയിക്കുന്നതാണെന്നും പെൻഷൻ വിതരണം ചെയ്യുന്നത് സംബന്ധിച്ച് സഹകരണ ബാങ്കുകളിൽ നിന്നും രേഖാമൂലം റിപ്പോർട്ട് വാങ്ങുന്നതാണെന്നും പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ ഒഴിവാക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ ₹135400/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന തി.17.08.2017ൽ നിർദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

1-22 ഒടുക്കിയ വെള്ളക്കരം വാട്ടർഅതോറിറ്റി ഡിമാന്റിൽ കുറവ് ചെയ്യുന്നില്ല

| | |
|---|---|
| പ്രോജക്ട് | 27/21, കുടിവെള്ളക്കരം വാട്ടർ അതോറിറ്റിയിൽ അടക്കൽ |
| അടങ്കൽ | ₹530000/- (മെയിന്റനൻസ് ഗ്രാന്റ്) |
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | ₹519756/- |

2020-21 വർഷം മേൽ പദ്ധതി പ്രകാരം ₹519756/- കുടിവെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ ഒടുക്ക് വരുത്തിയ തുക ഡിമാന്റിൽ കുറവ് ചെയ്യാതെയാണ് പ്രതിമാസ ബിൽ ലഭിച്ചിരുന്നത്.

| ക്രമ നം. | ഡിമാന്റ് തുക /മാസം | ഒടുക്ക് വരുത്തിയ തുക (₹) | ബിൽ നം./തീയതി |
|---|---|---|---|
| 1 | ₹ 623037/ഏപ്രിൽ | 43313 | 20100552017700157028/ 13.05.20 |
| 2 | ₹ 678587/ മെയ് | 43313 | 20100552017700202035/ 27.05.20 |
| 3 | ₹ 735227/ജൂൺ | 43313 | 20100552017700404679/ 08.08.20 |
| 4 | ₹ 748799/ജൂലൈ | 43313 | |
| 5 | ₹ 762637/ആഗസ്റ്റ് | 43313 | 20100552017700463608/ 24.08.20 |
| 6 | ₹ 820926/ സെപ്റ്റംബർ | 43313 | 20100552017700557333/ 25.09.20 |

| | | | |
|---|---|---|---|
| 7 | ₹ 880358/ ഒക്ടോബർ | 43313 | 20100552017700682781/ 03.11.20 |
| 8 | ₹ 940956/ നവംബർ | 43313 | 20100552017700753853/ 19.11.20 |
| 9 | ₹ 1002742/ ഡിസംബർ | 43313 | 20100552017700841133/ 18.12.20 |
| 10 | ₹ 1065740/ ജനവരി | 43313 | 20100552017701004350/ 28.01.21 |
| 11 | ₹ 1129974/ ഫെബ്രുവരി | 43313 | 20100552017701167135/ 27.02.21 |
| 12 | ₹1195468/ മാർച്ച് | 43313 | 20100552017701302655/20.03.21 |
| | ആകെ | ₹ 519756 | |

തുക ക്രമീകരിക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 16.07.2022 ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.06) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. ചെലവ് തുക ₹ 5,19,756/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-23 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

ഗ്രാമപഞ്ചായത്തിൽ കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് 2020-21 വർഷം വിവിധങ്ങളായ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കിയിട്ടുണ്ട്. പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ഹെൽപ്പ് ഡെസ്ക്ക് രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ജി.ഒ.(ആർ.റ്റി.) നം.686/2020/എൽ.എസ്.ജി.ഡി. (ഡിസി) തീയതി 20.03.2020 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ പ്രകാരം കോവിഡ്-19 മായി ബന്ധപ്പെട്ട് പഞ്ചായത്തുതല സ്ഥിതി വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ വാർഡിലും 15 പേരെ നിയമിച്ചിട്ടുണ്ട്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്ക് പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. പഞ്ചായത്തുതല കോവിഡ് പ്രതിരോധ കമ്മിറ്റി രൂപീകരിച്ച് സ്ഥിതിഗതികൾ യഥാസമയം നിരീക്ഷിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രത്യേക പരിഗണന നൽകേണ്ടവരുടെ സുരക്ഷയ്ക്കും കരുതലിനുമായി പ്രത്യേക ഹെൽപ്പ് ഡെസ്ക്ക് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഈയിനത്തിൽ പ്രത്യേക ഫണ്ട് രൂപീകരിക്കുകയോ വകയിരുത്തുകയോ ചെയ്തിട്ടില്ല. ഡയാലിസിസ് ചെയ്യുന്നവർ, അർബുദരോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് പ്രത്യേകമായി പ്രോജക്റ്റ് തയ്യാറാക്കിയിട്ടില്ല. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി രൂപീകരിച്ച മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. ഓൺലൈൻ പഠനസഹായ പദ്ധതിയുടെ ഭാഗമായി പഠനകേന്ദ്രം ആരംഭിച്ചിട്ടില്ല. കമ്മ്യൂണിറ്റി കിച്ചൺ സ്പോൺസർഷിപ്പിലൂടെയാണ് നടപ്പിലാക്കിയത്. എന്നിരുന്നാലും ₹17,078/- ചെലവഴിച്ചിട്ടുണ്ട്. വിവിധ കമ്മിറ്റികൾ നിയമപ്രകാരം ഓൺലൈനായി ചേർന്നിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ 2021-22 വർഷവും തുടർന്നു വരുന്നുണ്ട്. പഞ്ചായത്തിന്റെ സംയോജിതമായ ഇടപെടൽ കോവിഡ് വ്യാപനത്തെ ഒരു പരിധിവരെ തടയുവാൻ സഹായകമായിട്ടുണ്ട്.

1-24 എച്ച്.എം.സി. വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് സമർപ്പിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതുആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന, പഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടുള്ള ആശുപത്രികളിൽ (അലോപ്പതി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്ക് സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച പുറപ്പെടുവിച്ച | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇളംദേശം ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 400000 | 17/21 ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 400000 | 0 |
| | | 140000 | 101/21 ലൈഫ് ഭവന നിർമ്മാണം (എസ്സ്.സി) | 140000 | 0 |
| | | 118973 | 81/21 പാലിയേറ്റീവ് കെയർ | 118973 | 0 |
| | | 209882 | 206 /21 ലൈഫ് ഭവന നിർമ്മാണം അധിക ഗുണഭോക്താക്കൾ (എസ്സ്.സി) | 209882 | 0 |
| | | 40000 | 207 /21 ലൈഫ് ഭവന നിർമ്മാണം അധിക ഗുണഭോക്താക്കൾ (റ്റി.എസ് പി) | 40000 | 0 |
| | | 232220 | 10/21 സമഗ്ര നെൽകൃഷി വികസന പദ്ധതി | 232220 | 0 |
| | | 61405 | 163/21 തരിശു നില നെൽകൃഷി വികസന പദ്ധതി | 61405 | 0 |
| | | 100000 | 55/21 പച്ചക്കറി വികസനം പദ്ധതി | 100000 | 0 |
| | | 131440 | 87/21 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 131440 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2020-21 | 108400 | 87/21 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 108400 | 0 |
| | | 358040 | 10/21 സമഗ്ര നെൽകൃഷി വികസന പദ്ധതി | 358040 | 0 |
| | | 450000 | 173/21 ക്ഷീരകർഷക്ക് പാലിന് സബ്സിഡി | 200000 | 250000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരളാ ജല അതോറിറ്റി | 131/21 ഐരാമ്പിള്ളി കോളനി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 20100552017700138257 തീ:07.05.2020 | 73600 | 0 | 73600 |
| മെമ്പർ സെക്രട്ടറി- SWMS തിരുവനന്തപുരം | 180/21 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടലും പുനരുദ്ധാരണവും കുടിവെള്ള കണക്ഷൻ നൽകലും (ജലജീവൻ പദ്ധതി) | 20100552017701396351 തീ:27.03.2021 | 508958 | 0 | 508958 |
| കെ ഡബ്ല്യൂ എ | 194/21 മൃഗാശുപത്രിക്ക് വാട്ടർ കണക്ഷൻ | 201005520177001309571 തീയതി 20.3.2021 | 15000 | - | 15000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ ₹1620000/- വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷ വായ്പ തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | സ.ഉ.(സാധാ) നം.1577/15 /തസ്വഭവ. തീ.27.05.2015 | 3360000 | | 560000 | 154269 | 2800000 |
| ഭവന വായ്പ (ലൈഫ്) | ജി.ഒ.എം.എസ്. നം.110/2018 തീ.13.08.2018 | 7786470 | 1620000 | 570470 | - | 8836000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെവിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1997-98 | 3-4 | 1999-2000 | 4-25 | ഏഴല്ലൂർ ഹരിജൻ കോളനി ശുദ്ധജല വിതരണത്തിനായി സാധനങ്ങൾ വാങ്ങിയതിൽ അപാകതകൾ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം കാണിക്കുന്ന പത്രിക

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപന ത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തി യിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാ ക്കിയ തുക (തീയതി) |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 2001-02 | 5 | ശ്രീ. കെ. രാമചന്ദ്രൻ നായർ സെക്രട്ടറി | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | ഇല്ല | - |
| 2 | 2001-02 | 6 | ശ്രീ. കെ. രാമചന്ദ്രൻ നായർ സെക്രട്ടറി | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | ഇല്ല | - |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹7323260 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹43846611 |
| ആകെ | ₹51169871 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹41560815 |
| നീക്കിയിരിപ്പ് | ₹9609056 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3023877 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-20 | - | 6766 | ശ്രീമതി. മെൽഡ ഡേവിഡ്, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16-1 | 1694413 | ശ്രീമതി. സിമോണി ജോസ്, കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-16-2 | 82150 | ശ്രീമതി. സിമോണി ജോസ്, കൃഷി ഓഫീസർ |
| 1-18 | 597558 | ശ്രീ.വി.എ.അഗസ്റ്റിൻ, സെക്രട്ടറി |
| 1-19 | 130000 | ഡോ. സാം വി.ജെ., മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-22 | 519756 | ശ്രീ.വി.എ.അഗസ്റ്റിൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിമോണി ജോസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കോടിക്കുളം | പൊട്ടൻപ്ലാവിൽ, ഒറ്റല്ലൂർ പി.ഒ, കരിങ്കുന്നം |
| ശ്രീ. വി.എ.അഗസ്റ്റിൻ, സെക്രട്ടറി | സെക്രട്ടറി, കോടിക്കുളം | വരിക്കയ്ക്കൽ, വണ്ടമറ്റം പി.ഒ, തൊടുപുഴ |
| ഡോ. സാം.വി.ജെ., മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) കോടിക്കുളം | വഴിപ്പുരയ്ക്കൽ, വെങ്ങല്ലൂർ പി.ഒ, തൊടുപുഴ |
| ശ്രീമതി. മെൽഡ ഡേവിഡ്, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, കരിമണ്ണൂർ ഗ്രാമപഞ്ചായത്ത് | പൂതുപ്പള്ളിൽ, മൈലക്കൊമ്പ് പി.ഒ, തൊടുപുഴ |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1976-77 | എൽ.എഫ്.ഐ.6-583/96 തീയതി 21-10-96 | | |
| 1981-82 | എൽ.എഫ്.ഐ.6-583/9 തീയതി 21-10-96 | | |
| 1982-83 | എൽ.എഫ്.ഐ.6-583/96 തീയതി 21-10-96 | | |
| 1983-84 | എൽ.എഫ്.ഐ.6-583/96 തീയതി 21-10-96 | | |
| 1984-85 | എൽ.എഫ്.ഐ.6-583/96 തീയതി 21-10-96 | | |
| 1987-88 | എൽ.എഫ്.ഐ.7-564/92 തീയതി 17-07-1992 | | |
| 1988-89& 1989-90 | എൽ.എഫ്.ഐ.7-880/93 തീയതി 17-06-1993 | | |
| 1990-91& 1991-92 | എൽ.എഫ്.ഐ.7-379/94 തീയതി 10-11-1994 | | |

| | | | |
|---|---|---|---|
| 1992-93 | എൽ.എഫ്.ഐ.7- 288/95<br>തീയതി 22-04-1996 | | |
| 1993-94 & 1994-95 | എൽ.എഫ്.ഐ.7- 426/97<br>തീയതി 09-02-1998 | | |
| 1995-96 | എൽ.എഫ്.ഐ.10/1238/17<br>തീയതി 01.11.2017 | 3 | 12, 4-4, 4-8 |
| 1996-97 | എൽ.എഫ്.ഐ.7-445/1999<br>തീയതി 26.09.1999 | 22 | 1,2,3,4,5,6,7,8,10,11,12,13,14,15,<br>17,18,19,20,21,22,23,4-8 |
| 1997-98 | എൽ.എഫ്.ഐ.7/253/2001<br>തീയതി 05.07.2001 | 0 | എൽ.എഫ്.ഐ.7/253/ 2001/ 05.07.01 പ്രകാരം റിപ്പോർട്ട്<br>ക്ലോസ് ചെയ്തു. |
| 1998-99 | കെ.എസ്.ഐ.ഡി.കെ.10/1238/17<br>തീയതി 02.11.17 | 0 | കെ.എസ്.എ.ഐ.ഡി.കെ.<br>10/1238/17/02.11.17 പ്രകാരം റിപ്പോർട്ട്<br>ക്ലോസ് ചെയ്തു. |
| 1999-2000 | എൽ.എഫ്.ഐ.7-267/03<br>തീയതി 27.03.03 | 24 | 1, 2, 3, 4, 5, 6,7, 8, 9, 10, 11,<br>12, 13, 14, 15,16, 17, 18, 19,<br>20, 21,23, 26, 27 |
| 2000-01 | എൽ.എഫ്.ഐ.-7-605/02<br>തീയതി 13.09.05 | 21 | 2, 17, 18, 19,22, 23, 24, 25,<br>26, 29, 30,31,32, 33, 34,<br>35, 36,37, 38,39, 41 |
| 2001-02 | എൽ.എഫ്.ഐ.-9-163/04<br>തീയതി 07.12.05 | 4 | ഭാഗം-1, 5, 6, 7, 8, 9 |
| 2002-03 | എൽ.എഫ്.ഐ.-7-289/05<br>തീയതി 04.05.06 | 3 | ഭാഗം- 1, 2-1, 3-2 |
| 2003-04 | എൽ.എഫ്.ഐ.-8-278/07<br>തീയതി 03.07.07 | 8 | ഭാഗം- 1, 2-1, 2-2,2-3,<br>3-1, 3-2, 3-3,3-4 |
| 2004-05 | എൽ.എഫ്.ഐ.-8-564/07<br>തീയതി 04.09.07 | 7 | ഭാഗം-1, 2-1, 2-2,<br>3-2, 3-3, 3-8, 3-9 |
| 2005-06 | എൽ.എഫ്.ഐ.-9-1108/09<br>തീയതി 01.10.09 | | |
| 2006-07 | എൽ.എഫ്.ഐ.-9-659/08<br>തീയതി 24.10.08 | 3 | 2-1, 3-1, 4-6 |
| 2007-08 | എൽ.എഫ്.ഐ.-10-1118/10<br>തീയതി 20.07.11 | 8 | 2-1, 2-2, 3-1, 3-2,<br>3-3, 3-4, 3-5, 3-6 |
| 2008-09 | എൽ.എഫ്.ഐ.-10-522/12/<br>തീയതി 20.06.12 | 6 | ഭാഗം-1, 2-1, 2-3,<br>2-4, 3-1, 4-6 |
| 2009-10 | എൽ.എഫ്.ഐ.-10-944/13<br>തീയതി 09.05.14 | 10 | 2-1, 2-2, 3-1, 3-3,<br>3-4, 3-5, 4-4 |
| 2011-12 | കെ.എസ്.എ.ഐ.ഡി.കെ-<br>10/827/15/തീയതി 06.10.15 | 8 | ഭാഗം-1, 2-1, 2-2,3-1,<br>3-3, 3-4, 3-5,4-4 |
| 2012-13 & 13-14 | കെ.എസ്.എ.ഐ.ഡി.കെ.<br>10/1376/15/തീയതി 31.12.15 | 10 | 1-5, 2-1, 2-2, 3-1,3-2, 3-3,<br>3-4, 3-5,3-6, 4-2 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.<br>10/1418/16 തീയതി 03.02.17 | 12 | 2-1, 2-2, 2-3, 2-4,<br>2-5, 2-6, 3-1, 3-3,<br>3-4, 4-7, 4-8, 4-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.<br>10/1661/16/തീയതി 7.1.2017 | 17 | 1-10, 1-11, 1-12,2-2, 2-3, 2-4, 3-1,3-2, 3-3,<br>3-4, 3-5,<br>3-6, 3-7, 3-8, 4-7,<br>4-8, 4-9 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ. 10/1660/17/തീയതി 19.12.17 | 12 | 1-12, 2-1, 3-1,3-3, 3-4, 3-6, 3-7, 3-8, 3-9,4-7, 4-8, 4-9 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ. 10/1165/18/തീയതി 10.10.18 | 11 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ. 10/867/19/തീയതി 07.11.2019 | 16 | 1-11 മുതൽ 1-25 വരെ 3-1 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ. 11/390/22/തീയതി 08.04.2022 | 25 | 1-1-1, 1-1-2, 1-1-3, 1-5, 1-6, 1-8 മുതൽ 1-24 വരെ, 4-8, 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്